## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1870 22.01.2014-ൽ മറുപടിയ്ക്ക്

### ബജറ്റിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി എം. എൽ. എ മാരെ അറിയിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. കെ. രാജു | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | ബജറ്റിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുമരാമത്തും മറ്റ് വകുപ്പുകളും പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുന്ന റിപ്പോർട്ടുകൾ എം.എൽ.എ മാർക്ക് മാസം തോറും നൽകണമെന്ന നിബന്ധനയുണ്ടോ : | (എ) യും (ബി) യും (സി) യും<br><br>വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിജസ്ഥിതി സ്ഥലം എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ മാർക്ക് കൂടി നൽകണമെന്നും നിർദ്ദേശിച്ച് പാർലമെന്ററികാര്യ വകുപ്പിൽ നിന്നും 07.05.2008-ൽ 1294/എ.2/07/പാ.കാ.വ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 17.10.2011-ൽ ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ ഉന്നയിച്ച സബ്മിഷനു നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകി പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും 21.11.2011-ൽ 77369/സി.ഡി.എൻ.4/11/ പൊ.ഭ.വ നമ്പർ സർക്കുലറും 11.06.2012-ൽ സ.ഉ (എം.എസ്) നം.142/12/പൊ.ഭ.വ നമ്പരായി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഉറപ്പ് സഭയിൽ നൽകിയിട്ടുണ്ടോ : എങ്കിൽ പ്രസ്തുത പ്രതിമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് എം.എൽ.എ മാർക്ക് ലഭ്യമാക്കാത്തത് ഭരണ നിർവ്വഹണത്തിലെ ശ്രദ്ധക്കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | |
| (സി) | ഇത്തരം റിപ്പോർട്ട് എം.എൽ.എ മാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ